**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **01-09-2022 - ൽ മറുപടിയ്ക്ക്**

**പോഷക ബാല്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | യൂണിസെഫ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കാവശ്യമായ പോഷകാഹാരം ഉറപ്പ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | (എ) വനിത ശിശു വികസന വകുപ്പ് വഴി കുട്ടികളുടെ പോഷകാഹാരം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് യൂണിസെഫ് പഠനം നടത്തിയിട്ടില്ല.<br><br>വകുപ്പിന് കീഴിൽ UNWFPയുടെ സഹായത്തോടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അങ്കണവാടി മുഖേന നൽകിവരുന്ന അമൃതം ന്യൂട്രിമിക്സ് 11 മൈക്രോന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട പഠനം (baseline & endline) വയനാട് ജില്ലയിൽ pilot അടിസ്ഥാനത്തിൽ നടത്തുകയും, ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ, ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുകയും ചെയ്തു. |
| (ബി) | കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവും ആരോഗ്യപരവുമായ വികാസത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | (ബി) കേരളത്തിലെ അങ്കണവാടികളിൽ 3 മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് ECCE യുടെ ഭാഗമായി തീം പ്രവർത്തനങ്ങളോടനുബന്ധിച്ച് ഒരു വർഷം 30 തീമുകൾ എന്ന നിലയിൽ ഒരു മാസം 2 തീം പഠിപ്പിക്കുന്നു. പ്രസ്തുത തീമുകൾ കളി പ്രവർത്തനങ്ങളിലൂടേയും അങ്കണപ്പൂമഴ വർക്ക് ബുക്കിലൂടെയും കുഞ്ഞുങ്ങൾക്ക് നൽകുന്നു. ഇത് അങ്കണവാടിയിലെ കുഞ്ഞുങ്ങളുടെ ബൗദ്ധികവും, വൈകാരികവും, സാമൂഹികവുമായ വികാസത്തിന് സഹായിക്കുന്നു.<br><br>1. "<u>ഭാഷാ പ്രവർത്തനങ്ങൾക്കായി</u>"<br><br>കഥ, പാട്ട്, വിവരണം, സംഭാഷണം, കടങ്കഥ, ചിത്രവായന, പ്രാക് വായനാ പ്രവർത്തനങ്ങൾ, മേനി പറയൽ, പ്രാക് ലേഖനം എന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.<br><br>2. "<u>വൈജ്ഞാനിക വികാസത്തിനായി</u>" |

| | | | |
|---|---|---|---|
| | | | വിവിധ പ്രവർത്തനങ്ങളായ സാമ്യ വ്യത്യാസം കണ്ടെത്തൽ, കൂട്ടങ്ങളാക്കൽ (നിറം, വലുപ്പം, ആകൃതി ഉപയോഗം), ജിഗ്സോ പസിൽ, പ്രാക് ഗണിത പ്രവർത്തനങ്ങൾ, പ്രാഥമികാ സംഖ്യാ ബോധം - 1 മുതൽ 10 വരെ, ആകൃതി, വഴി കണ്ടെത്തൽ, ജോഡി കണ്ടെത്തൽ തുടങ്ങിയവയിലൂടെ സാധിക്കുന്നു.<br><br>3. "<u>സാമൂഹിക വൈകാരിക വികാസത്തിനായി</u>"<br><br>കഥ, പാട്ട്, ചിത്ര വായന തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>4. "<u>ക്രിയാത്മക-ആസ്വാദനം/ശാരീരിക ചാലക വികാസത്തിനായി</u>"<br><br>ചിത്രം വര, നിറം നൽകൽ, കൊളാഷ്, കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നു. |
| (സി) | പോഷക ബാല്യം പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് കുട്ടികൾക്ക് ലഭ്യമാക്കുന്നത് ;പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | (സി) അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് 30/05/2022ലെ സ.ഉ(സാധാ)നം. 288/2022/വ.ശി.വി.വ പ്രകാരം 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) രൂപയും, പാൽ വിതരണം ചെയ്യുന്നതിന് 30/05/2022ലെ സ.ഉ(സാധാ)നം. 289/2022/വ.ശി.വി.വ പ്രകാരം 31,50,00,000/- (മുപ്പത്തി ഒന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6150.00 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 50/- രൂപയും ഒരു മുട്ടയ്ക്ക് 6/- രൂപയുമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.<br><br>അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് ശരിയായ പോഷണം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതിയ്ക്ക് ആവശ്യമായ പാൽ 'മിൽമ", പ്രാദേശിക ക്ഷീര സൊസൈറ്റി , കുടുംബശ്രീ, ക്ഷീരകർഷകർ വഴി പഞ്ചായത്ത്/സെക്ടർ തലത്തിൽ അതത് സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, ക്വട്ടേഷൻ/ടെൻഡർ വിളിച്ച് അങ്കണവാടികളിൽ എത്തിക്കുന്നതാണ്. ഈ സംവിധാനങ്ങൾ ഒന്നും ലഭ്യമല്ലാത്ത മലയോര ഗ്രാമപ്രദേശങ്ങളിലെ 220 അങ്കണവാടികളിൽ മിൽമയുടെ shelf life കൂടുതലുള്ള UHT പാൽ ലിറ്ററിന് 60/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഒരു കുട്ടിയ്ക്ക ഒരു ദിവസം ഒരു ഗ്ലാസ്സ് വീതം (125 ml), ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും, ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ 1 വീതം മുട്ടയും നൽകി വരുന്നു. അങ്കണവാടിയിലെ മൂന്നു വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>“പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്” എന്ന ഈ പദ്ധതി വനിത ശിശു വികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ‘മിൽമ’ എന്നിവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ